**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **485** **23.03.2018**-ൽ മറുപടിയ്ക്ക്

**ദളിത് വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പരിപാടികൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.ആർ. രാജേഷ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | ദളിത് വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ, ഭക്ഷണസുരക്ഷ, പാർപ്പിട സൗകര്യം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കിക്കൊണ്ട് സമൂഹത്തിലെ മറ്റ് ജനവിഭാഗങ്ങളുടെ സാമ്പത്തിക, സാമൂഹ്യ ഉന്നതിക്ക് സമാന തോതിൽ എത്തിക്കാൻ ആവിഷ്ക്കരിച്ചിട്ടുള്ള പരിപാടിയുടെ വിശദാംശം അറിയിക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ, പാർപ്പിട സൗകര്യം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം എന്നിവയ്ക്കാണ് വകുപ്പിൽ നിന്ന് ധനസഹായം അനുവദിച്ചു വരുന്നത്. ഇത് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.<br><br>**തൊഴിൽ**<br>പട്ടിക വർഗ്ഗ വികസന വകുപ്പ് ടി.ടി.സി/ബി.എഡ് പാസായ പട്ടിക വർഗ്ഗ യുവതി-യുവാക്കൾക്ക് തൊഴിൽ നൽകുന്നതിനായി ഗോത്രബന്ധു എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന സാമൂഹ്യ പഠനമുറി പദ്ധതി പ്രകാരം 100 പട്ടികവർഗ്ഗ യുവതീയുവാക്കളെ ട്യൂട്ടർമാരായി നിയമിച്ചു.<br>സാക്ഷരതാമിഷൻ മുഖേന നടപ്പിലാക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടിയ്ക്കായി (സമഗ്ര) അഭ്യസ്ത വിദ്യരായ 100 പട്ടികവർഗ്ഗ യുവതീയുവാക്കളെ സാക്ഷരതാ പ്രേരക് മാരായി നിയമിച്ചിട്ടുണ്ട്.<br>എം.എ സോഷ്യോളജി, എം.എ ആന്ത്രോ പോളജി എം.എസ്. ഡബ്ല്യു എന്നീ വിദ്യാ ഭ്യാസ യോഗ്യതയുള്ള 31 പട്ടികവർഗ്ഗ യുവതീയുവാക്കളെ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി കമ്മിറ്റഡ് സോഷ്യൽ വർക്കർമാരായി വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗത്തിൽപ്പെട്ട 1182 പേരെ പ്രമോട്ടർമാരായി നിയമിച്ചിട്ടുണ്ട്. 140 പേരെ പട്ടികവർഗ്ഗ വികസന വകുപ്പിൻറെ വിവിധ ഓഫീസു കളിൽ മാനേജ്മെൻറ് ട്രെയിനികളായും നിയമിച്ചിട്ടുണ്ട്.<br><br>**ഭക്ഷ്യ സുരക്ഷ**<br>ഭൂരിപക്ഷം പട്ടികവർഗ്ഗക്കാർക്കും ബി.പി.എൽ കാർഡ് ലഭിച്ചിട്ടുണ്ട്. ഇതുമൂലം ഭക്ഷ്യ സുരക്ഷ ഉറപ്പ വരുത്തുന്നു. ഇതിപുറമെ ഓണക്കാലത്ത് ഭക്ഷ്യധാന്യങ്ങളടങ്ങിയ ഓണകിറ്റ് വിതരണം ചെയ്യുന്നു. |

## കമ്മ്യൂണിറ്റി കിച്ചൻ

193 കമ്മ്യൂണിറ്റി കിച്ചനുകളിലായി 16715 പട്ടികവർഗ്ഗക്കാർക്ക് പാചകം ചെയ്ത ഭക്ഷണം വിതരണം ചെയ്തു വരുന്നു.

## മില്ലറ്റ് വില്ലേജ് - അട്ടപ്പാടി

അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി 2017-18 ൽ അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി(6.87 കോടി രൂപ) അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ട വിളവെടുപ്പ് കഴിഞ്ഞു.

## പാർപ്പിട സൗകര്യം

2011-12 മുതൽ 2015-16 വരെ മുൻ വർഷങ്ങളിൽ അനുവദിച്ച 17,605 വീടുകളിൽ നാളിതുവരെ 6792 വീടുകൾ പൂർത്തീകരിച്ചു. ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം നാളിതുവരെ 4128 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 713 വീടുകൾ ഭവന പുനരുദ്ധാരണപദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്.

## ആരോഗ്യ പരിപാലനം

പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി നടപ്പിലാക്കുന്നതിനായി 2016-17 വർഷം 29614 പേർക്ക് 16.00 കോടി രൂപയും 2017-18 വർഷം 19.31 കോടി രൂപ ചെലവഴിച്ചു.അട്ടപ്പാടിയിലെ കോട്ടത്തറ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയ്ക്കായി 1.25 കോടി രൂപ അനുവദിച്ചു.

വിവിധ ജില്ലകളിലായി 14 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പുതുതായി പ്രവർത്തിപ്പിക്കുന്നതിന് 5.16 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

ജനനി ജന്മരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തിനായി 2016-17 വർഷം 11880 പേർക്ക് 10.00 കോടി രൂപയും 2017-18 വർഷം 11880 പേർക്ക് 10.02 കോടി രൂപയും ചെലവഴിച്ചു.

2016-17 വർഷം 652 സിക്കിൾ സെൽ അനീമിയ രോഗികൾക്ക് 1.59 കോടി രൂപയും 2017-18 വർഷം 711 സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2500 രൂപ നിരക്കിൽ 1.65 കോടി രൂപയും ചെലവഴിച്ചു.

പാരമ്പര്യ വൈദ്യൻമാർക്ക് വാർഷിക ധനസഹായം നൽകുന്ന പദ്ധതിയിൽ 2016-17, 2017-18 വർഷങ്ങളിൽ ഒരാൾക്ക് 10,000/- രൂപ നിരക്കിൽ 250 പേർക്ക് വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസം

പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിനായുള്ള സ്കൂൾ, ഹോസ്റ്റലുകൾ, പെരിപതറ്റിക് സെൻററുകൾക്കുള്ള നിർമ്മാണ പ്രവൃത്തികൾക്കായി വകുപ്പിന്റെ വിവിധ ശീർഷകങ്ങളിൽ തുക വകയിരുത്തി നിർമ്മാണ പ്രവൃത്തികൾ ചെയ്തുവരുന്നു. കൂടാതെ KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്സ്/ ഹോസ്റ്റലുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

പട്ടിക വർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ 100 സാമൂഹിക പഠനമുറിയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 100 യുവാക്കളെ തെരഞ്ഞെടുത്ത് മാസം തോറും 15,000 രൂപ വീതം ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി ട്യൂട്ടർമാരായി നിയമിച്ചു.

പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യമായി 2016-17 വർഷം 76,495 കുട്ടികൾക്ക് 16.45 കോടി രൂപയും 2017-18 വർഷം 77,215 കുട്ടികൾക്ക് 16.50 കോടി രൂപയും ചെലവഴിച്ചു.

പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യമായി 2016- 17 വർഷം 16007 കുട്ടികൾക്ക് 25.00 കോടിയും 2017-18 വർഷം 16134 കുട്ടികൾക്ക് 27.00 കോടി രൂപയും ചെലവഴിച്ചു.

ട്രൈബൽ സ്കൂളിലെ കുട്ടികൾക്ക് യൂണിഫോം വിതരണത്തിനായി 2016-17 വർഷം 2328 കുട്ടികൾക്ക് 11.64 ലക്ഷം രൂപയും 2017-18 വർഷം 2600 കുട്ടികൾക്ക് 13.00 ലക്ഷം രൂപയും ചെലവഴിച്ചു.

പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക വേണ്ടിയുള്ള ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി.

പട്ടികവർഗ്ഗ കുട്ടികൾക്കായി പാരാമെഡിക്കൽ കോഴ്സ് പഠിക്കുന്നതിനായി 2 കോടി രൂപ അനുവദിച്ചു.

തെരഞ്ഞെടുത്ത പോസ്റ്റ്മെട്രിക് കോഴ്സുകളിൽ 2016-17 വർഷം 199 പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് 0.74 കോടി രൂപയും 2017-18 - ൽ 225 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 1 കോടി രൂപയും ചെലവഴിച്ച് ലാപ് ടോപ് വിതരണം ചെയ്തു.

പ്രീമെട്രിക് പോസ്റ്റ്മെട്രിക് തലത്തിൽ പഠനം നടത്തി വരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപൻറ്, ലംപ്സം ഗ്രാൻറ്, പോക്കറ്റ് മണി തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ 50 % വർദ്ധിപ്പിച്ചു.

പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച 56 കുട്ടികൾക്ക് പ്രാരംഭ ചെലവുകൾ ക്കായി 2016-17 വർഷം 4.05 ലക്ഷവും 2017-18 വർഷത്തിൽ 81 കുട്ടികൾക്ക് 4.05 ലക്ഷം രൂപയും ചെലവഴിച്ചു.

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷതരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ

| | | | |
|---|---|---|---|
| | | | കൊഴിഞ്ഞു പോക്ക് തടയുന്നതിനുമായി സാക്ഷരതാ മിഷൻ മുഖേന സമഗ്ര ആദിവാസി സാക്ഷരതാപദ്ധതി നടപ്പിലാക്കി വരുന്നു.<br>മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി. |
| (ബി) | ഉദാരീകരണ നയങ്ങളുടെ ഫലമായി സർക്കാർ മേഖലയിലും പൊതുമേഖല യിലുമുള്ള തൊഴിൽ അവസരങ്ങൾ കുറഞ്ഞുവരുന്നത് അവസര സമത്വം ഉറപ്പിക്കാനായി നൽകി വരുന്ന തൊഴിൽ സംവരണം ദുർബലപ്പെടുത്തുന്നത് കണക്കിലെടുത്ത് എയിഡഡ് മേഖലയിലും സ്വകാര്യ മേഖലയിലും കൂടി തൊഴിൽ സംവരണം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) | പരിശോധിക്കുന്നതാണ്. |
| (സി) | ജനങ്ങളെ ജാതീയമായി ഭിന്നിപ്പിച്ച് നിർത്താൻ നടത്തുന്ന ശ്രമങ്ങൾ പരാജയപ്പെടുത്താൻ വേണ്ട ഇടപെടൽ ഉണ്ടാകുമോ? | (സി) | അത്തരം ശ്രമങ്ങൾ ശ്രദ്ധയിൽപെട്ടാൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

(അനുബന്ധം I

(vide page 1 of Rep)

# പട്ടികജാതി വികസന വകുപ്പ്

**തൊഴിൽ**

1. അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്ന തിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ വഴി നടത്തിവരുന്നു.
2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി, ഹിറ്റാച്ചി ഓപ്പറേറ്റേഴ്സ് എന്നീ കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി KAICO യുമായി ബന്ധപ്പെട്ട് നടത്തി വരുന്നു.
3. സ്റ്റാർട്ട് അപ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവാക്കൾക്ക് സംരംഭകത്വ പരിശീലനവും ഇൻക്യൂബേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സഹായവും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി 50% സബ്സിഡിയോടെ മുദ്രാലോൺ നൽകുന്ന പദ്ധതി
4. പട്ടികജാതി യുവാക്കൾക്ക് സൈനിക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പാക്കുന്നതിനായി പ്രീ- റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് എന്ന പദ്ധതി
5. വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി
6. സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതി യുവാക്കൾക്ക് വകുപ്പ് മുഖേന 1 ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.
7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 134 യുവതി യുവാക്കളെ കരാർ അടിസ്ഥാനത്തിൽ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ടു വർഷത്തേയ്ക്ക് നിയമിക്കുന്ന പദ്ധതിയ്ക്ക് ഈ സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചിട്ടുണ്ട്.

കൂടാതെ പട്ടികജാതി യുവതി യുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആന്റ് ബിവറേജസ് സർവ്വീസസ് പരിശീലനം, മ്യൂറൽ പെയിന്റിംഗ് ആന്റ് ഗ്ലാസ് ആർട്ട് എന്നിവയിലുള്ള പരിശീലനം, വനിതകൾക്ക് വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് IELTS/TOEFL പ്രോഗ്രാം, നഴ്സിംഗ് എലിജിബിലിറ്റി പ്രോഗ്രാം എന്നിവയും ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗിലുള്ള അഡ്വാൻസ്ഡ് ട്രെയിനിംഗും, ഓയിൽ ആന്റ് റിഗ് സ്കിൽ പ്രോഗ്രാം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ നഴ്സിംഗ് ഡിപ്ലോമ, ഗ്രാഫിക് ആന്റ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് & ഫിനാൻഷ്യൽ സർവ്വീസസ് കോഴ്സ്, ഫിസിയോതെറാപ്പിയിൽ സ്കിൽ ഡെവലപ്മെന്റ് കോഴ്സ് എന്നിവയും വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്. വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐകളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്കുവേണ്ടി തൊഴിൽ മേള സംഘടിപ്പിക്കുകയും, വിവിധതരം തൊഴിലധിഷ്ഠിത കോഴ്സുകൾ, ഡിപ്ലോമാ കോഴ്സുകൾ, നൈപുണ്യ വികസന പദ്ധതികൾ, സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികളും നടപ്പിലാക്കി വരുന്നു.

പാർപ്പിട സൗകര്യം

സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് 50,000/- രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് 4,00,000/- രൂപ ധനസഹായം അനുവദിച്ചു വരുന്നു. ടി തുക നിശ്ചിത 4 ഗഡുക്കൾക്കളായി (15%,30%, 40%,15%) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടു വഴി വിതരണം ചെയ്യുന്നു.

കൂടാതെ 2007-08 മുതൽ അനുവദിച്ച വീടുകളിൽ പണി പൂർത്തീകരിക്കാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നിശ്ചിത ഘട്ടം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർന്നുള്ള ഗഡുക്കൾ നിലവിലെ യൂണിറ്റ് കോസ്റ്റിന് ആനുപാതികമായ നിരക്കിൽ നൽകി വരുന്നുണ്ട്. ഇതിലൂടെ പണി പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് സാധിക്കുന്നു.

2007-08 മുതൽ 2013-14 വർഷം വരെ അനുവദിച്ച പഴയനിരക്കിന് (രണ്ട് ലക്ഷം രൂപ വരെ) ആനുപാതിക ഗഡുക്കൾ കൈപ്പറ്റി പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്നവർക്ക് നിശ്ചിത ഘട്ടം പണി പൂർത്തീകരിക്കുന്നതിനായി ഒടുവിൽ കൈപ്പറ്റിയ നിശ്ചിത ഗഡു തുക രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധിക ധനസഹായമായി നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ 8,9,10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ നിലവിലെ 800 സ്ക്വയർ ഫീറ്റ് വലിപ്പം വരെയുള്ള വീടുകളോട് ചേർന്ന് 120 സ്ക്വയർ ഫീറ്റ് വലിപ്പമുള്ള റൂം നിർമ്മിച്ച് മേൽക്കൂര കോൺക്രീറ്റ് ചെയ്ത് ഭിത്തികൾ പ്ലാസ്റ്റർ ചെയ്ത് തറ ടൈൽ പാകി വാതിൽ, ജന്നൽ എന്നിവ സ്ഥാപിക്കുന്നതിനും 2,00,000/- രൂപ ധനസഹായം നൽകുന്ന പഠനമുറി എന്ന പദ്ധതി 2017-18 വർഷം മുതൽ ആരംഭിച്ചു നടപ്പിലാക്കി വരുന്നു. ടി ധനസഹായ തുക 4 (15%,30%, 40%,15%) ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടു വഴി വിതരണം ചെയ്യുന്നു.

## ആരോഗ്യ പരിപാലനം

പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മാരകമായ രോഗങ്ങൾ ബാധിച്ചവരും, അത്യാഹിതങ്ങളിൽ പെട്ടവരുമായ 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് 50,000/-രൂപ വരെ ചികിത്സാധനസഹായമായി അനുവദിക്കുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, ഹീമോഫീലിയ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് 1,00,000/- രൂപ വരെ ചികിത്സാ ധനസഹായം നൽകുന്നു. അപേക്ഷ ഓൺ ലൈനായി അക്ഷയ വഴിയോ സ്വന്തമായോ ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ മുഖേന നൽകാവുന്നതും തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. കൂടാതെ പട്ടികജാതിക്കാരുടെ ആരോഗ്യപരിപാലനത്തിനായി സാമൂഹ്യഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് ശുചിത്വ പരിപാടികൾ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടത്തിവരാറുണ്ട്.

## വിദ്യാഭ്യാസം

**പട്ടികജാതി വിദ്യാർത്ഥികൾക്കായി നിലവിൽ നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.**

1. പ്രീ മെട്രിക് വിദ്യാഭ്യാസ ധനസഹായം
2. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യം
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്
5. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)
6. 9,10 ക്ലാസുകളിലെ പ്രീ മെട്രിക് സ്കോളർഷിപ്പ്
7. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
8. സ്റ്റെതസ്കോപ്പ് ധനസഹായം
9. ലാപ്ടോപ് ധനസഹായം
10. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രാരംഭ ചെലവ് ധനസഹായം
11. വ്യത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം
12. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
13. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി
14. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി
15. പ്രത്യേക പ്രോത്സാഹന സമ്മാനം
16. ബുക്ക് ബാങ്ക് സ്കീം (100% CSS)

17. മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/
എം.ആർ. എസ്
18. പ്രീ മെട്രിക് ഹോസ്റ്റൽ
19. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ
20. ഐ.റ്റി.ഐ.കൾ
21. പി.ഇ.റ്റി.സി. കൾ
22. CREST
23. നേഴ്സറികൾ
24. ICSETS
25. പാരലൽ കോളേജ് ധനസഹായം
26. മെഡിക്കൽ കോളേജ് (പാലക്കാട്)
27. ഇതര സംസ്ഥാനത്ത് പഠിയ്ക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്ന പദ്ധതി
28. വിദേശ സർവ്വകലാശാലയിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

<u>വിദ്യാഭ്യാസ വിശദീകരണം</u>

1. പ്രീമെട്രിക് തലത്തിലുള്ള പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ ബന്ധപ്പെട്ട സ്ഥാപനമേധാവി മുഖേന വിതരണം ചെയ്യുന്നു.
2. പോസ്റ്റ് മെട്രിക് തലത്തിൽ ഹയർ സെക്കന്ററി മുതലുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് 'ഇ-ഗ്രാൻസ്' വഴി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി വരുന്നു.
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം 1 മുതൽ 4 വരെ ക്ലാസുകളിലെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ യൂണിഫോം, കുട, ബാഗ് സ്റ്റേഷനറി എന്നിവ വാങ്ങുന്നത് ഒരു വിദ്യാർത്ഥിക്ക് 2000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു.
4. സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം 5 മുതൽ 8 വരെ ക്ലാസുകളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭം യൂണിഫോം, കുട, ബാഗ്, എന്നിവ വാങ്ങുന്നതിന് ഒരു വിദ്യാർത്ഥിക്ക് 2000/- വീതം നൽകുന്നു.
5. കേന്ദ്രാവിഷ്കൃത പദ്ധതിയായ അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് എന്ന പദ്ധതി പ്രകാരം 9 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. ഡേ-സ്കോളേഴ്സിന് 16,000/- രൂപ നിരക്കിലും, ഹോസ്റ്റലേഴ്സിന് 25,000/- രൂപ നിരക്കിലും ധനസഹായം നൽകുന്നു.

5



6. 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകി വരുന്നു.
7. ഈ-ഗ്രാൻസിന് അർഹത ഇല്ലാത്തവരും 250000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിനുള്ള ധനസഹായം നൽകിവരുന്നു.
8. ഒന്നാം വർഷ MBBS/BDS കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ഒരാൾക്ക് 5800 രൂപ വരെ നൽകുന്നു.
9. ബി.ടെക്, എം.ടെക്, എം.സി.എ, പോളി ടെക്നിക്ക് ഡിപ്ലോമ (സി.എസ്) ബി.എസ്.സി (സി.എസ്), എം.എസ്.സി (സി.എസ്), എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി & എ.എച്ച്, ബി.ആർക്, എം.ഫിൽ, പി.എച്ച്.ഡി. എം.എസ്.സി (ഇലക്ട്രോണിക്സ്) കോഴ്സുകൾക്ക് ഒന്നാം വർഷം പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിന് ഒരാൾക്ക് 25000/- രൂപ വരെ ധനസഹായം നൽകുന്നു.
10. എം.ബി.ബി.എസ് / ബി.ഡി.എസ് / ബി.ടെക് / ബി.ഡി.എം.എസ്/ബി.എച്ച്.എം.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന ഒരു ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്ക് സ്ഥാപന മേധാവി മുഖേന തുക അനുവദിച്ച് വരുന്നു.
11. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം 2013-14 വർഷം മുതൽ DBTS മുഖേന നടപ്പാക്കി വരുന്നു.
12. 4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ് വരെ പ്രതിവർഷം 4,500/- രൂപ സ്കോളർഷിപ്പായി അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം എന്ന പേരിൽ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ മുഖേന നടപ്പാക്കി വരുന്നു. (വരുമാന പരിധി 1 ലക്ഷം)
13. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് ആദ്യ റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു പവൻ സ്വർണ നാണയം സമ്മാനമായി നൽകുന്നു.

    പ്ലസ് ടു, എസ്.എസ്.എൽ.സി പരീക്ഷകളിൽ എല്ലാ വിഷയത്തിലും എ+ ഗ്രേഡ് വാങ്ങുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അര പവൻ സ്വർണ നാണയം സമ്മാനമായി നൽകുന്നു.
14. വിഷൻ 2013 പ്രകാരം എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി+ ന് മുകളിൽ ഗ്രേഡ് ലഭിച്ച് +1 ന് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗിന് ധനസഹായമായി 20,000/- രൂപ വീതം (രണ്ട് വർഷത്തേക്ക്) അനുവദിച്ച് വരുന്നു. (വരുമാന പരിധി 4,50,000/- രൂപ)

15. SSLC, +2, TTC, Diploma, Degree, P.G പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനമായി ക്യാഷ് അവാർഡ് ബ്ലോക്ക്/ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ മുഖേന അനുവദിച്ച് വരുന്നു.
16. ബുക്ക് ബാങ്ക് സ്കീം (50% CSS) പ്രകാരം പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് ഗ്രന്ഥങ്ങൾ/ അലമാര വാങ്ങുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നു.
17. വകുപ്പിന് കീഴിൽ ഒരു സ്പോർട്സ് എം.ആർ.എസ്. ഉൾപ്പെടെ 9 എം.ആർ.എസുകൾ പ്രവർത്തിച്ചു വരുന്നു.

പട്ടികജാതി/വർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ കായികരംഗത്തെ മികവ് ലക്ഷ്യമാക്കി 2002-ൽ വെള്ളായണി കാർഷിക കോളേജ് കോമ്പൗണ്ടിൽ ആരംഭിച്ച സ്ഥാപനമാണ് ശ്രീ. അയ്യങ്കാളി സ്പോർട്സ് എം.ആർ.എസ്. 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളാണ് ഇവിടെ ഹോസ്റ്റലിൽ താമസിച്ച് പഠിയ്ക്കുന്നത്. ഒരു ക്ലാസ്സിൽ 30 വിദ്യാർത്ഥികൾ വീതം ആകെ 240 വിദ്യാർത്ഥികൾക്കാണ് ഈ സ്ഥാപനത്തിൽ അഡ്മിഷൻ നൽകുന്നത്. കായിക രംഗത്തും പഠന രംഗത്തും മികച്ച നേട്ടമാണ് ഈ സ്ഥാപനത്തിലൂടെ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്.

**കായികരംഗത്തെ നേട്ടം**

| | 2013-14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|
| National Gold | 5 | 2 | 1 | 3 |
| National Silver | 4 | 2 | 4 | 1 |
| National Bronze | 9 | 5 | 9 | 5 |
| National Participation | 74 | 49 | 66 | 55 |

**ശ്രീ. അയ്യങ്കാളി സ്പോർട്സ് സ്കൂളിലെ SSLC കോഴ്സുകളിലെ വിജയശതമാനം**

| വർഷം | SSLC | +2 |
|---|---|---|
| 2010-11 | 69.56% | 68.96% |
| 2011-12 | 88.46% | 100% |
| 2012-13 | 100% | 71.42% |
| 2013-14 | 94.11% | 93.33% |
| 2014-15 | 100% | 96.67% |
| 2015-16 | 100% | 80% |
| 2016-17 | 100% | 92.3% |

10 എം.ആർ.എസുകളിലും കൂടി 2016-17 വർഷം 2022 വിദ്യാർത്ഥികൾ താമസിച്ച് പഠനം നടത്തിവരികയും എം.ആർ.എസുകളിൽ 2016-17 അദ്ധ്യയന വർഷത്തിൽ 291 പേർ എസ്.എസ്.എൽ.സി പരീക്ഷ എഴുതുകയും 11 പേർക്ക് ഫുൾ എ+ ഉൾപ്പെടെ ആകെ 290 പേർ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

ഹയർ സെക്കന്ററി തലത്തിൽ 2016-17 അദ്ധ്യയന വർഷത്തിൽ 168 പേർ പരീക്ഷയെഴുതിയതിൽ 2 ഫുൾ എ+ ഉൾപ്പെടെ ആകെ 164 പേർ വിജയിച്ചു.

അടുത്ത വർഷം പ്ലസ് ടു സയൻസ് ബാച്ച് ആരംഭിക്കുന്നതിന് കുഴൽമന്ദം എം.ആർ.എസിന് അനുമതി ലഭിച്ചിട്ടുണ്ട്.

എം.ആർ.എസുകൾ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി ഹൈടെക് ക്ലാസ് റൂം, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, വെബ്സൈറ്റ് നവീകരണം തുടങ്ങിയ പ്രവൃത്തികൾ നടന്നു വരുന്നുണ്ട്.

പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി കുഴൽമന്ദം എം.ആർ.എസിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

18. പ്രീമെട്രിക് ഹോസ്റ്റലുകളിൽ 5, 6, 7 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും ഹൈസ്കൂൾ തലത്തിൽ സയൻസ് കണക്ക്, ഹിന്ദി വിഷയങ്ങൾക്കും ട്യൂഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ പഠനകാര്യങ്ങളിൽ ഹോസ്റ്റൽ വാർഡൻമാർ സഹായിച്ചു വരുന്നു. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ വിദ്യാർത്ഥികളുടെ പഠനത്തിനായി റസിഡന്റ് ട്യൂട്ടർമാർ സഹായിക്കുന്നു. പ്രീമെട്രിക് ഹോസ്റ്റലുകളിൽ S.S.L.C യ്ക്ക് 415 പേർ പരീക്ഷ എഴുതിയതിൽ 388 പേർ (93%) വിജയിച്ചിട്ടുണ്ട്. +2 വിന് 73 പേർ പരീക്ഷ എഴുതിയതിൽ 46 പേർ (63%) വിജയിച്ചിട്ടുണ്ട്.

19. പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 17 ഹോസ്റ്റലുകൾ വകുപ്പ് നേരിട്ട് നടത്തുന്നു.

20. പട്ടികജാതി വികസന വകുപ്പിനു കീഴിൽ 44 ഐ.ടി.ഐ. കൾ പ്രവർത്തിച്ചു വരുന്നു. ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാങ്കേതികവും, തൊഴിലധിഷ്ഠിതവുമായ പരിശീലനം നൽകി അവരെ വ്യാവസായിക രംഗത്ത് തൊഴിൽ നേടുവാനും, സ്വയം തൊഴിൽ കണ്ടെത്തുവാനും പ്രാപ്തരാക്കുകയാണ് ഐ.ടി.ഐ കോഴ്സുകൾകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് വിവിധ മെട്രിക്-നോൺ മെട്രിക് ട്രേഡുകളിൽ പരിശീലനം നൽകി വരുന്നു. S.S.L.C ജയിച്ചവർക്കും തോറ്റവർക്കും തതുല്യ യോഗ്യതകളുള്ളവർക്കും തെരഞ്ഞെടുക്കാവുന്ന ട്രേഡുകളാണ് നിലവിലുള്ളത്. ഇതിൽ 6 മാസം (ഒരു സെമസ്റ്റർ), 1 വർഷം (2 സെമസ്റ്റർ), 2 വർഷം (4 സെമസ്റ്റർ) കോഴ്സുകളുമാണ് നിലവിലുള്ളത്. ഡ്രാഫ്റ്റ്സ്മാൻ സിവിൽ, കാർപെന്റർ, വെൽഡർ, ഇലക്ട്രോണിക് മെക്കാനിക്, സർവ്വെയർ, പെയിന്റർ, ജനറൽ സോയിംഗ് ടെക്നോളജി, പ്ലംബർ, ഡ്രൈവർ കം മെകാനിക് എന്നീ കോഴ്സുകളാണ് നിലവിലുള്ളത്. ഓരോ ട്രേഡിലും 21 പേർക്ക് വീതം അഡ്മിഷൻ നൽകി വരുന്നു. ആകെ സീറ്റുകളിൽ 80% പട്ടികജാതി വിഭാഗത്തിലും, 10% പട്ടികവർഗ്ഗ വിഭാഗത്തിലും ബാക്കി 10% പട്ടികജാതി/വർഗ്ഗം ഒഴികെയുള്ള വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കുമായി സംവരണം ചെയ്തിരിക്കുന്നു.

ഐ.ടി.ഐ. പ്രവേശനത്തിന് തെരഞ്ഞെടുത്ത വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് 900 രൂപ വർക്ക്ഷോപ്പ് ഡ്രസ്സിനും, തയ്യൽകൂലിക്കും, SC/ST വിഭാഗത്തിൽപ്പെട്ടവർക്ക് 1-ാം വർഷം 820 രൂപയും, 2-ാം വർഷം 630 രൂപയും ലംപ്സംഗ്രാന്റും, 630 രൂപ വീതം പ്രതിമാസ സ്റ്റൈപന്റും നൽകുന്നു. Study tour allowance ആയി 3,000 രൂപയും നൽകുന്നു.

ഗവൺമെന്റ് ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം മരിയാപുരം, പന്തളം, മംഗലം, എലത്തൂർ എന്നീ 4 ഐ.ടി.ഐ.കളിൽ നിലവിലുള്ള ട്രേഡുകൾക്കൊപ്പം പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുകയും ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ ഐ.ടി.ഐ.കളിൽ പരിശീലനം നടത്തുന്നവരുടെ സാമ്പത്തിക പരാധീനത ട്രെയിനിംഗിന്റെ സമയം എന്നിവ കണക്കിലെടുത്ത് എല്ലാ ഐ.ടി.ഐ. കളിലും ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 20% പരിശീലനാർത്ഥികൾക്ക് 31,00,000/ രൂപ അനുവദിച്ചു. കൂടാതെ ഉച്ചഭക്ഷണ പദ്ധതി പോലെ ഐ.ടി.ഐ.യിലെ പരിശീലനാർത്ഥികൾക്ക് പോഷകാഹാരമായി 1 ഗ്ലാസ് ചായയും ഒരു പുഴുങ്ങിയ മുട്ടയും നൽകുന്നതിന് 93,15,000/- രൂപ അനുവദിച്ച് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ഐ.ടി.ഐ.കളിൽ നിലവിൽ പരിശീലനം നൽകിവരുന്ന ട്രേഡുകളിൽ വിദ്യാർത്ഥികളിലുണ്ടായ താൽപര്യക്കുറവ് പരിഗണിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും കൂടുതൽ സ്ഥലസൗകര്യമുള്ള സ്ഥലങ്ങളിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിനും ഉദ്ദേശിച്ചുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ അദ്ധ്യയന വർഷം മുതൽ വർക്കല ഐ.ടി.ഐ, യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്ന പുതിയ കോഴ്സ് ആരംഭിച്ചിട്ടുണ്ട്. വി.ആർ. പുരം ഐ.ടി.ഐ.യിൽ പുതുതായി ഇലക്ട്രീഷ്യൻ ട്രേഡ് ആരംഭിച്ചിട്ടുണ്ട്.

വകുപ്പിന്റെ ഐ.ടി.ഐ.കളിൽ നിലവാരമുള്ള ട്രെയിനിംഗ് നൽകുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് CTL ട്രെയിനിംഗ് നൽകുന്നു. ക്ലാസ്റൂം ടീച്ചിംഗ് മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി 3 DM Visual class room teaching programme, എല്ലാ ഐ.ടി.ഐ.കളിലും പ്രോജക്റ്ററുകൾ, സ്മാർട്ട് ക്ലാസ്റൂമിന് സ്ഥല സൗകര്യമുള്ളിടത്ത് ആയതിനുവേണ്ട ഉപകരണങ്ങൾ, പരിധിയില്ലാത്ത ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള കമ്പ്യൂട്ടർ ലാബുകൾ, ട്രേഡുകളിൽ DGET അനുശാസിക്കുന്ന രീതിയിൽ ഉള്ള പഠനോപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

വകുപ്പിന്റെ കീഴിലുള്ള 44 ഐ.ടി.ഐ.കളിൽ തിരുവനന്തപുരം ജില്ലയിലെ മരിയാപുരം കൊല്ലം ജില്ലയിലെ ഓച്ചിറ, പത്തനംതിട്ട ജില്ലയിലെ ഐക്കാട്, പന്തളം, കോട്ടയം ജില്ലയിലെ കുറിച്ചി, തൃശൂർ ജില്ലയിലെ എങ്കക്കാട്, പാലക്കാട് ജില്ലയിലെ മംഗലം എന്നീ ഐ.ടി.ഐ.കളെ മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ.കൾ ആക്കുന്നതിനായി ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ടി ഹോസ്റ്റലുകൾ പ്രവർത്തനം ആരംഭിക്കുന്നതിന് താൽക്കാലിക സംവിധാനം ഒരുക്കുന്നതിന്റെ പ്രവർത്തനങ്ങളായ ഭക്ഷണ വിതരണം, താൽക്കാലിക തസ്തിക സൃഷ്ടിക്കൽ എന്നിവയ്ക്ക് സർക്കാരിന്റെ അനുമതിയ്ക്കായി നൽകിയിട്ടുണ്ട്.

44 ഐ.ടി.ഐ.കളിൽ ആവശ്യമുള്ളിടത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും Renovation ആവശ്യമുള്ളിടത്ത് Renovation ചെയ്യുന്നതിനും സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കുകയും ആയതനുസരിച്ച് പണികൾ നടന്നുവരികയുമാണ്. ഇത്തരത്തിൽ 2017-18 വർഷം 64,64,500/- രൂപയ്ക്ക് ഭരണാനുമതി നൽകി നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനായി ടൂൾകിറ്റ് വാങ്ങുന്നതിന് ധനസഹായം നൽകി വരുന്നു. കൂടാതെ പരിശീലനം കഴിഞ്ഞവർക്ക് IT തലത്തിൽ Placement cell കൾ രൂപീകരിച്ച് കമ്പനികളിൽ Placement സംസ്ഥാനതലത്തിൽ ജോബ്ഫെയർ സംഘടിപ്പിക്കുകയും നിലവാരമുള്ള കമ്പനികളിൽ Placement സാധ്യമാക്കുകയും ചെയ്തുവരുന്നു.

21. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ സാമൂഹ്യ ക്ഷേമത്തിനും, ഉന്നമനത്തിനുമായി വകുപ്പിന്റെ കീഴിൽ 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ നടത്തി വരുന്നു. മെഡിക്കൽ / എഞ്ചിനീയറിംഗ് എൻട്രൻസ് പി.എസ്.സി. ഉൾപ്പെടെയുള്ള പരിശീലനം പ്രസ്തുത പി.ഇ.ടി.സി. കളിൽ നടത്തി വരുന്നുണ്ട്.

(+1, +2 ബാച്ച് തിരിച്ചുള്ള എൻട്രൻസ് പരിശീലനത്തിന് പുറമെ, മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് ക്രാഷ് കോഴ്സും നടത്തി വരുന്നുണ്ട്. സംസ്ഥാന കേന്ദ്ര സർക്കാർ സർവ്വീസുകളിൽ പ്രവേശിക്കുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്കായി ജSC, UPSC, RRB, IBPS തുടങ്ങി പരീക്ഷാ പരിശീലനവും നടത്തി വരുന്നു. സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി വാഗ്ദാനം ചെയ്യുന്ന വിവിധ കമ്പ്യൂട്ടർ കോഴ്സുകൾ, സ്റ്റെനോഗ്രാഫി എന്നിവയും നടത്തി വരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികളുടെ ആവശ്യം അനുസരിച്ച് വിവിധ യോഗ്യതാ പരീക്ഷകളായ ഗTET, SET, NET പരീക്ഷകൾക്കും പരിശീലനം നൽകി വരുന്നുണ്ട്. 2016-17 വർഷം 1624 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്).

22. എസ്.സി/എസ്.റ്റി. വിദ്യാർത്ഥികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കോഴിക്കോട് കിർത്താഡ്സ് കാമ്പസിൽ CREST എന്ന സ്വയംഭരണ സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും കോർപ്പറേറ്റ് മേഖലകളിൽ ജോലി ലഭിക്കുന്നിനും എസ്.സി/എസ്.റ്റി. വിഭാഗക്കാരെ പ്രാപ്തരാക്കുക എന്നതാണ് ടി സ്ഥാപനത്തിന്റെ ലക്ഷ്യം. ടി സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി ഓരോ വർഷവും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ചു വരുന്നു.

ക്രസ്റ്റ് എസ്.സി/എസ്.റ്റി. വിദ്യാർത്ഥികൾക്ക് വേണ്ടി PGCCPD (Post Graduate Certificate Course for Professional Development) കോഴ്സ് നടത്തി വരുന്നു. 5 മാസമാണ് ഒരു കോഴ്സിന്റെ ദൈർഘ്യം. 5 മാസത്തേക്കുള്ള ടി കോഴ്സിൽ 40 പേർക്ക് പ്രവേശനം നൽകുന്നു. ഇപ്രകാരം ഒരു വർഷം മേൽപറഞ്ഞ 2 കോഴ്സുകൾ നടത്തുന്നു. ആയതനുസരിച്ച് ഒരുവർഷം 80 പേർക്ക് ഈ കോഴ്സിന്റെ പ്രയോജനം ലഭിക്കുന്നു. കൂടാതെ ക്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്. കളിലെ 8, 9, 10, +1, +2 ക്ലാസ്സുക ളിലെ 1,200 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി Self enrichment programme D Ist year B.Tech SC വിദ്യാർത്ഥികൾക്ക് Orientation Programme ഉം നടത്തി വരുന്നു.

23. വകുപ്പിന്റെ കീഴിൽ നിലവിൽ 85 നഴ്സറി സ്കൂളുകളുണ്ട്. ഓരോ നഴ്സറി സ്കൂളിലും 30 വിദ്യാർത്ഥികൾക്ക് വീതമാണ് പ്രവേശനം നൽകുന്നത്. ഒരു കുട്ടിക്ക് 30/- രൂപ നിരക്കിൽ ഒരു ദിവസം ഫീഡിംഗ് ചാർജ്ജ് ഇനത്തിൽ ചെലവഴിക്കുന്നു. കൂടാതെ ലംപ്സംഗ്രാന്റ് ഇനത്തിൽ 190/- രൂപ വീതവും നൽകുന്നു. യൂണിഫോമിന് ഒരു വർഷം 600/- രൂപ നിരക്കിലും നൽകുന്നു.

24. സിവിൽ സർവ്വീസ് പരീക്ഷയിൽ പരിശീലനം നൽകുന്നതിന് വകുപ്പിനു കീഴിൽ ICSETS എന്ന സ്വയംഭരണ സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ഓരോ വർഷവും 30 വിദ്യാർത്ഥികൾക്ക് ഈ മേഖലയിൽ പരിശീലനം നൽകിവരുന്നു. 2017-18 വർഷം വിദ്യാർത്ഥികളുടെ എണ്ണം 30 എന്നത് 45 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

25. പാരലൽ കോളേജുകളിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വിദ്യാർത്ഥികൾ മുഖേന ലംപ്സംഗ്രാന്റ്/സ്റ്റൈപ്പന്റ് അനുവദിച്ച് വരുന്നു.

26. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസം നൽകുന്നതിനു വേണ്ടി പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ഥാപനത്തിൽ 100 MBBS സീറ്റുകളാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ SC – 70%, ST-2%, General Merit-13%, All India Quota – 15% എന്നിങ്ങനെയായി സംവരണം ചെയ്തിരിക്കുന്നു. 2014-15 വർഷത്തെ ആദ്യ ബാച്ചിൽ 100 വിദ്യാർത്ഥികളും, 2015-16 വർഷം 2nd ബാച്ചിൽ 99 ഉം, 2016-17 വർഷം 3rd ബാച്ചിൽ 100 വിദ്യാർത്ഥികളും പഠനം നടത്തി വരുന്നുണ്ട്. 2017-18 വർഷത്തെ 4th ബാച്ചിലേയ്ക്കുള്ള അഡ്മിഷൻ നടപടികൾ പുരോഗമിച്ചു വരുന്നു.

27. സംസ്ഥാനത്തിന് പുറത്ത് ഇതര സംസ്ഥാനങ്ങൾ വിവിധ കോഴ്സുകൾക്ക് പഠിയ്ക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് GoK/GoI പ്രകാരം സ്കോളർഷിപ്പ് അനുവദിച്ചു വരുന്നു. സ.ഉ.(അച്ചടി) നം. 50/2009/പജപവവിവ തീയതി 02/07/2009, സ.ഉ.(പി) നം. 10/2017/പജപവവിവ തീയതി [illegible]/11/2017 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകുന്നത്.

28. വിദേശത്ത് പഠിയ്ക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് G.O.(MS) 81/2017/SCSTDD, തീയതി 04/10/17 പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2017-18-ൽ പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ